# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5715** **05.07.2013-ൽ മറുപടി നൽകേണ്ടത്**

## റവന്യൂ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ റ്റി.എൻ.പ്രതാപൻ<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ ഷാഫി പറമ്പിൽ<br>ശ്രീ എം.എ. വാഹിദ് | ശ്രീ. അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) റവന്യൂ അദാലത്തുകൾ നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നടപടി പൂർത്തിയാക്കാതെ കെട്ടികിടക്കുന്ന ഫയലുകളിന്മേൽ സാദ്ധ്യമാകുന്ന നടപടികൾ പൂർത്തിയാക്കി അന്തിമഉത്തരവ് അദാലത്ത് വേളയിൽ പരാതിക്കാരന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി താലൂക്ക്, ജില്ലാതലങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സർവ്വെ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ 6 ജില്ലകളിൽ പ്രീ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നതനുസരിച്ച് നിർദേശിക്കപ്പെട്ട ജില്ലകളായ തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, കാസർഗോഡ്, വയനാട്. കോട്ടയം എന്നീ ജില്ലകളിൽ പ്രീ അദാലത്ത് നടപടികൾ സ്വീകരിച്ചിരുന്നു. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികൾ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുക, അടിയന്തിര പ്രാധാന്യമർഹിക്കുന്ന അപേക്ഷകളിൽ സ്പെഷ്യൽ ഓർഡർ മുഖാന്തിരം ഉടൻ തീർപ്പാക്കി നടപടി പൂർത്തിയാക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) ഭൂപരാതി തീർപ്പുകൽപ്പിക്കുന്നതോടൊപ്പം വില്ലേജ് തലത്തിൽ പോക്കുവരവ് നടപടികളിലൂടെ കക്ഷികൾക്ക് അവരുടെ വസ്തുക്കളുടെ നികുതി അടയ്ക്കുന്നതിനും തീർപ്പാക്കാതെ കിടക്കുന്ന പരാതികൾ തീർപ്പാക്കുകയും ചെയ്യുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സർക്കാർ നിശ്ചയിച്ച തീയതികളിൽ പ്രീ അദാലത്തുമായി ബന്ധപ്പെട്ട്. ജില്ലയിലെ സർവെ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)/ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർ/ ജില്ലാ സർവെ സൂപ്രണ്ട്, സർവെ ഉദ്യോഗസ്ഥൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിൽ സീനിയോറിറ്റി ക്രമത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതും അപേക്ഷകൾ പരിഹരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ